# ഡാറ്റ സ്വകാര്യതാ നോട്ടീസ് : കേരള ഹൈക്കോടതി

**ഒരു സ്വകാര്യതാ നോട്ടീസിന്റെ ഉദ്ദേശ്യം എന്താണ്?**

താങ്കളെക്കുറിച്ചുള്ള വ്യക്തിഗത വിവരങ്ങൾ (വ്യക്തിഗത ഡാറ്റ) ആവശ്യപ്പെടുകയോ കൈവശം വയ്ക്കുകയോ ചെയ്യുമ്പോൾ, കേരള ഹൈക്കോടതിയിൽ നിന്നും അതിന്റെ മേൽനോട്ട നിയന്ത്രണത്തിലുള്ള കോടതികളിൽ നിന്നും താങ്കൾക്ക് പ്രതീക്ഷിക്കാവുന്ന മാനദണ്ഡങ്ങൾ ഒരു സ്വകാര്യതാ നോട്ടീസിൽ പ്രതിപാദിക്കുന്നു, മാത്രമല്ല മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്ന് താങ്കൾ കരുതുന്നുവെങ്കിൽ താങ്കൾക്ക് എന്തുചെയ്യാനാകുമെന്നും ഇതിൽ പ്രതിപാദിക്കുന്നു.

**നീതി നിർവ്വഹണത്തിനായി താങ്കളുടെ വ്യക്തിഗത ഡാറ്റ പ്രോസസ്സ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കും:**

- ന്യായമായും ആനുപാതികമായും.
- കേരള ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും ഏതെങ്കിലും നിർദ്ദേശങ്ങൾക്ക് അനുസൃതമായും കാലാകാലങ്ങളിൽ ബാധകമായ നിയമങ്ങളിലെ വ്യവസ്ഥകൾക്കനുസരിച്ചും.
- അത് ഉപയോഗിക്കേണ്ട ആവശ്യങ്ങൾക്ക് പ്രസക്തമായ മാർഗങ്ങളിലൂടെ മാത്രം.
- കൃത്യമായി അത് ലഭിച്ച രൂപത്തിൽ.

- നഷ്ടപ്പെട്ട് പോകൽ അല്ലെങ്കിൽ അനധികൃതമായ ആക്സസ്, നശിപ്പിക്കപ്പെടൽ, ഉപയോഗം, പരിഷ്ക്കരണം, അല്ലെങ്കിൽ ഡാറ്റ വെളിപ്പെടുത്തൽ തുടങ്ങിയ അപകടസാധ്യതകളിൽ നിന്ന് ന്യായമായ സുരക്ഷാ പരിരക്ഷകളാൽ സംരക്ഷിച്ചിരിക്കുന്നു.

**കോടതികളിലെ കേസ് ഇൻഫർമേഷൻ സിസ്റ്റവുമായി (കേസ് വിവര സംവിധാനവുമായി) ബന്ധപ്പെട്ട് നിങ്ങളുടെ വ്യക്തിഗത ഡാറ്റ എന്താണ്?**

ഒരു വ്യക്തി കക്ഷിയായിരുന്ന കേസിന്റെ വിശദാംശങ്ങളുമായി അവനെ/അവളെ ബന്ധപ്പെടുത്തുന്ന ഏതൊരു വിവരവും വ്യക്തിഗത ഡാറ്റ എന്ന് അർത്ഥമാക്കുകയും ആയതിൽ ഉൾപ്പെടുകയും ചെയ്യുന്നു. ഒരു വ്യക്തിയെ തിരിച്ചറിയാൻ ഉതകുന്ന വിവരങ്ങളായ പേര്, വീട്ടു പേര്, മറ്റ് വിവരങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**താങ്കളുടെ വ്യക്തിഗത ഡാറ്റ എങ്ങനെ ശേഖരിക്കും?**

ഫയൽ ചെയ്ത കേസുകൾ/മറ്റ് അപേക്ഷകൾ, ഹർജികൾ മുതലായവയിൽ നിന്നും താങ്കളുടെ സ്വകാര്യ വിവരങ്ങൾ നേരിട്ടും ഇലക്ട്രോണിക്കായും ശേഖരിക്കും, കൂടാതെ രേഖകൾ ഉൾപ്പെടെയുള്ള വാദപ്രതിവാദങ്ങളുടെ ഉള്ളടക്കത്തിലൂടെയും, വ്യവഹാരകക്ഷികളും സാക്ഷികളും അല്ലെങ്കിൽ മറ്റ് വ്യക്തികളും നൽകുന്ന മറ്റേതെങ്കിലും മാതൃകയിലൂടെയും ശേഖരിക്കും.

**വ്യക്തിഗത ഡാറ്റ ( വിവരങ്ങൾ) പങ്കുവെക്കൽ**

താങ്കളുടെ വ്യക്തിഗത ഡാറ്റ (വിവരങ്ങൾ) ജുഡീഷ്യറി താഴെപറയുന്ന വ്യക്തികളുമായി/സ്ഥാപനങ്ങളുമായി മാത്രം പരിമിതപ്പെടുത്താതെ പങ്കിട്ടേക്കാം,

- കോടതി കേസുകളിലെ കക്ഷികൾക്കും അവരുടെ നിയമപ്രകാരമുള്ള പ്രതിനിധികൾക്കും.
- കോടതി കേസുകളിലെ സാക്ഷികൾക്കും.
- സുപ്രീം കോടതി പോലെയുള്ള ഇന്ത്യയിലെ മറ്റ് കോടതികൾക്കും ട്രിബ്യൂണലുകൾക്കും.
- നിയമ റിപ്പോർട്ടർമാർക്കും പൊതുവെ മാധ്യമങ്ങൾക്കും.
- പൊതു അധികാരികൾക്കും.
- നിയന്ത്രണ സ്ഥാപനങ്ങൾക്കും; കൂടാതെ
- പൊതു സമൂഹത്തിനും.

നീതിനിർവ്വഹണത്തിനോ നിയമപരമായ ബാധ്യതകൾ പാലിക്കുന്നതിനോ നിറവേറ്റുന്നതിനോ ഇത് ആവശ്യമാണെങ്കിൽ, താങ്കളുടെ വ്യക്തിഗത ഡാറ്റ (വിവരങ്ങൾ) മറ്റ് രാജ്യങ്ങളിലെ കോടതികളുമായും ട്രൈബ്യൂണലുകളുമായും പങ്കിട്ടേക്കാം.

**വ്യക്തിഗത വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള അവകാശങ്ങളുടെ വ്യാപ്തി**

- സ്വകാര്യതയ്ക്കുള്ള അവകാശത്തെ അടിസ്ഥാനമാക്കിയുള്ള വ്യക്തിഗത വിവരങ്ങളുടെ സംരക്ഷണത്തിനായുള്ള അവകാശം ഒരു തുറന്ന കോടതി നീതി ന്യായവ്യവസ്ഥയിൽ സഹവർത്തിക്കുന്നില്ല.
- നിലവിലെ നടപടിക്രമങ്ങളിലോ സമീപകാലത്തുണ്ടായിട്ടുള്ള നടപടിക്രമങ്ങളിലോ വിസ്മരിക്കപ്പെടാനുള്ള അവകാശം അവകാശപ്പെടാനാകില്ല.
- എന്നിരുന്നാലും, ഒരു കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും, ഒരു കുറ്റകൃത്യവുമായോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യവഹാരവുമായി ബന്ധപ്പെട്ടുള്ള കാലാവധിയും കണക്കിലെടുത്ത്, കക്ഷിയുടെ വ്യക്തിഗത വിവരങ്ങൾ സേർച്ച് എഞ്ചിനുകളിൽ നിന്നും ഡി-ഇൻഡക്സ് ചെയ്യുവാനും നീക്കം ചെയ്യുവാനുമുള്ള അവകാശം അഭ്യർത്ഥിക്കാൻ കോടതി ഒരു കക്ഷിയെ അനുവദിച്ചേക്കാം.
- ഉചിതമായ കേസുകളിൽ, ഓൺലൈനിൽ ലഭ്യമായ വ്യക്തിഗത വിവരങ്ങൾ മായ്ക്കാനും ഇല്ലാതാക്കുവാനും, ഒരു കക്ഷിയെ അനുവദിക്കുന്നതിന്, മായ്ക്കാനുള്ള അവകാശവുമായി ബന്ധപ്പെട്ട തത്വങ്ങൾ കൈക്കൊള്ളാൻകോടതിക്ക് അവകാശമുണ്ട്.

**കുടുബ, വൈവാഹിക കേസുകളിൽ**

- ഈ വിഭാഗത്തിലുള്ള കേസുകളിൽ, വ്യവഹാരിക്ക്, ഐഡന്റിറ്റിയോ, വ്യക്തിഗത വിശദാംശങ്ങളോ പ്രസിദ്ധീ-കരിക്കുന്നതിൽനിന്നും മറച്ചുവയ്ക്കാൻ ആവശ്യപ്പെടുന്നതിനുള്ള അവകാശമുണ്ട്, കൂടാതെ കോടതിക്ക്, കേസനുസരിച്ച്, മറച്ചുവയ്ക്കുന്നതിനെയോ / പ്രസിദ്ധീകരിക്കുന്നതിനെയോ സംബന്ധിച്ച് ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാം .
- കുടുംബ കോടതിയുടെ അധികാര പരിധിയിൽനിന്നോ അല്ലെങ്കിൽ മറ്റുതരത്തിലോ ഉണ്ടാകുന്ന കുടുബ, വൈവാഹിക കേസുകളിലും, കോടതിയുടെ രജിസ്ട്രി കക്ഷികളുടെ വ്യക്തിഗത വിവരങ്ങൾ പ്രസിദ്ധീകരിക്കില്ല. കൂടാതെ, അത്തരം വ്യവഹാരത്തിലെ കക്ഷികൾ നിർബന്ധിക്കുന്നുവെങ്കിൽ, കക്ഷികളുടെ ഐഡന്റിറ്റി ഉൾക്കൊള്ളുന്ന ഏതെങ്കിലും തരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ വെബ്സൈറ്റിലോ അല്ലെങ്കിൽ കോടതി സൂക്ഷിക്കുന്ന മറ്റേതെങ്കിലും വിവര സംവിധാനങ്ങളിലോ അനുവദിക്കുകയോ ചെയ്യുന്നതല്ല .

**കോടതിയുടെ ഉത്തരവുകൾ/വിധിന്യായങ്ങൾ പ്രകാരവും നിയമ വ്യവസ്ഥകൾ പ്രകാരവും നൽകിയിരിക്കുന്ന നിരോധനങ്ങൾ:-**

- കോടതിയുടെ രജിസ്ട്രി കക്ഷികളുടെ വ്യക്തിഗത വിവരങ്ങൾ പ്രസിദ്ധീകരിക്കില്ല, കൂടാതെ തുറന്ന കോടതി സമ്പ്രദായത്തെ നിയമംവഴി അംഗീകരിക്കാത്തിടത്ത്, വെബ്സൈറ്റിലോ

അല്ലെങ്കിൽ കോടതി സൂക്ഷിക്കുന്ന മറ്റേതെങ്കിലും വിവര സംവിധാനത്തിലോ കക്ഷികളുടെ ഐഡന്റിറ്റി അടങ്ങുന്ന ഒരു തരത്തിലുള്ള പ്രസിദ്ധീകരണവും അനുവദിക്കുകയില്ല.

- ലൈംഗിക കുറ്റകൃത്യങ്ങളിലും, കുട്ടികളുമായി ബന്ധപ്പെട്ട കുറ്റകൃതങ്ങളിലും ഇരകളുടെ പേര് വെളിപ്പെടുത്തുകയില്ലെന്നത് കോടതി ഉറപ്പാക്കുന്നു. അത്തരം കേസുകളുമായി ബന്ധപ്പെട്ട വിധിന്യായങ്ങളിലും മറ്റു രേഖകളിലും, വാദപ്രതിവാദങ്ങളിലും നിന്ന് ഇരകളുടെ പേരും വിശദാംശങ്ങളും മറച്ചുവച്ചിരിക്കുന്നു. ദത്തെടുക്കൽ കേസുകളിലും, കോടതി പുറപ്പെടുവിച്ച ഉത്തരവുകളിൽ ദത്തെടുക്കുന്ന മാതാപിതാക്കളുടെ പേരുകൾ മറച്ചുവച്ചിരിക്കുന്നു.

**പരാതി പരിഹാര സംവിധാനം**

**എ. പരാതി പരിഹാര ഓഫീസർ**

താങ്കളുടെ വ്യക്തിഗത വിവരങ്ങളെ കുറിച്ച് എന്തെങ്കിലും ആശങ്കകൾ ഉണ്ടെങ്കിൽ, പരാതികൾ പരിഹരിക്കുന്നതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ താഴെ പറയുന്ന വിലാസത്തിൽ താങ്കൾക്ക് ബന്ധപ്പെടാവുന്നതാണ്.

പരാതി പരിഹാര ഓഫീസർ (കക്ഷികളുടെ സ്വകാര്യത)
കേരള ഹൈക്കോടതി
എറണാകുളം - 682031
ഇമെയിൽ:: gro.hc@kerala.gov.in

**ബി. പരാതി പരിഹാര (അപ്പലേറ്റ്) അതോറിറ്റി**

നിങ്ങളുടെ പരാതി പ്രഥമതലത്തിൽ പരിഹരിക്കപ്പെട്ടില്ലെങ്കിൽ, ഇനിപ്പറയുന്ന വിലാസത്തിൽ നിങ്ങൾക്ക് അപ്പലേറ്റ് അതോറിറ്റിയെ സമീപിക്കാം.

പരാതിപരിഹാര(അപ്പലേറ്റ്)അതോറിറ്റി(കക്ഷികളുടെ സ്വകാര്യത),
കേരള ഹൈക്കോടതി,
എറണാകുളം-682 031.
ഇമെയിൽ: graa.hc@kerala.gov.in